(ഡി) എത്ര ടൺ ദിവസേന നൽകുവാൻ സാധിക്കുന്നുണ്ട് ;

(ഇ) പ്ലാന്റ് സ്ഥാപിക്കുവാൻ വേണ്ടി എന്തു തുകയാണ് കോർപ്പറേഷൻ ചെലവഴിച്ചത് ;

(എഫ്) ഇതുകൊണ്ട് ഉണ്ടായ വരുമാനം എത്ര ;

(ജി) പ്ലാന്റ് പ്രവർത്തിക്കാൻ വേണ്ട വൈദ്യുതി, ഉദ്യോഗസ്ഥന്മാരുടെ ശമ്പളം, വാഹനങ്ങളുടെ ഇന്ധനം എന്നീ ഇനങ്ങളിൽ എന്തു ചെലവു വരുന്നു ; ഇനം തിരിച്ചു വ്യക്തമാക്കാമോ ?

ഉത്തരം

(എ) ബി.ഒ.റ്റി. വ്യവസ്ഥയിൽ തിരുവനന്തപുരം കോർപ്പറേഷന്റെ സഹകരണത്തോടെ പോബ്സൺ കമ്പനി വിളപ്പിൽശാലയിൽ ചവർ സംസ്ക്കരിച്ച് ജൈവവളം ഉല്പാദിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി-ഡി) ഏകദേശം 450 ടൺ ചവർ ദിനംപ്രതി സംസ്ക്കരിച്ച് വളമാക്കുന്നതിനുള്ള ശേഷി ഈ പ്ലാന്റിനുണ്ട്. ഇപ്പോൾ ദിനംപ്രതി ശരാശരി 150 ടൺ ചവറ് കോർപ്പറേഷൻ പ്ലാന്റിൽ എത്തിക്കുന്നു.

(ഇ) ഫാക്ടറിയുടെ നിർമ്മാണം നടത്തിയിരിക്കുന്നത് ബി.ഒ.റ്റി. വ്യവസ്ഥയിൽ പോബ്സൺ കമ്പനിയാണ്.

(എഫ്) ഫാക്ടറിയിൽ ഉല്പാദിപ്പിക്കുന്ന വളം പോബ്സൺ കമ്പനി വിൽക്കുമ്പോൾ ലഭിക്കുന്ന ലാഭത്തിന്റെ രണ്ടു ശതമാനം കോർപ്പറേഷനാണ്. എന്നാൽ വളം വിറ്റു തുടങ്ങിയിട്ടില്ല.

(ജി) ഫാക്ടറിയുടെ എല്ലാ ചെലവും വഹിക്കുന്നത് പോബ്സൺ കമ്പനിയാണ്. ശാലയിൽ ചവർ എത്തിക്കുന്ന ജോലി മാത്രമാണ് നഗരസഭക്കുള്ളത്. ഈ ഇനത്തിൽ നഗരസഭയ്ക്ക് പ്രതിമാസം ഏകദേശം 3 ലക്ഷം രൂപ ചെലവു വരുന്നുണ്ട്.

ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി

54 (1351) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി രൂപീകരിച്ച കോർപ്പറേഷനുകളിൽ സെക്കന്റ് ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; ഈ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ. ;

(ബി) സംസ്ഥാനത്ത് മുനിസിപ്പൽ കോമൺ സർവ്വീസിൽ ഗ്രേഡ് മാറ്റം, പ്രൊമോഷൻ, റിട്ടയർമെന്റ് എന്നിവ വഴി സെക്കന്റ് ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ മുനിസിപ്പൽ ഭരണ ഡയറക്ടർ കാലതാമസം വരുത്തിയതായിട്ടുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എല്ലാ ഒഴിവുകളും യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) പുതുതായി രൂപീകരിച്ച കൊല്ലം, തൃശ്ശൂർ കോർപ്പറേഷനുകളിൽ രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ അഞ്ച് തസ്തികകൾ വീതം ആകെ പത്ത് തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. പുതുതായി സൃഷ്ടിക്കപ്പെട്ട തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) മുനിസിപ്പൽ കോമൺ സർവ്വീസിൽ ഗ്രേഡ് മാറ്റം ഉൾപ്പെടെ പ്രൊമോഷനും റിട്ടയർമെന്റും വഴി രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടമാരുടെ 195 ഒഴിവുകൾ നിലവിലുണ്ട്.

(സി) പുതുതായി സൃഷ്ടിച്ച തസ്തികകളിലെ ഒഴിവുകൾ ഒഴികെ എല്ലാ ഒഴിവുകളും യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അളമ്പുകുടം-ആവോലിക്കുഴി റോഡിന്റെ നിർമ്മാണം പൂർത്തിയാക്കാൻ നടപടി

55 (1352) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോന്നി നിയോജകമണ്ഡലത്തിലെ അളമ്പുകുടം-ആവോലിക്കുഴി റോഡിന്റെ നിർമ്മാണത്തിന് നബാർഡിന്റെ അനുമതി എന്നാണ് ലഭിച്ചത് ; ഇതിനായി എന്തു തുകയ്ക്കുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത് ;

(ബി) ഈ റോഡിന്റെ പണി തുടങ്ങാനുള്ള കരാർ ആർക്കാണ് നൽകിയത് ;

(സി) ഈ റോഡിന്റെ പണി എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) 29-2-2000-ലാണ് നബാർഡിന്റെ അനുമതി ലഭിച്ചത്. 59.2 ലക്ഷം (അൻപത്തൊൻപത് ലക്ഷത്തി ഇരുപതിനായിരം രൂപ) രൂപക്കുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്.

(ബി) പണി തുടങ്ങുവാനുള്ള കരാർ ഇതുവരെ ആർക്കും നൽകിയിട്ടില്ല. പ്രസ്തുത പണിയുടെ ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി 5-3-2001 ആണ്. അതിനുശേഷമേ കരാർ ആർക്ക് നൽകണമെന്ന് തീരുമാനിക്കാനാകൂ.

LIBRARY ARCHIVES Kerala Legislative Assembly